193 കിന്റലും 6-7-2010-നും 14-7-2010-നുമിടയ്ക്ക് 472 കിന്റൽ ചെറുപയറുമാണ് കരാറുകാർ എത്തിച്ചത്. ഇതുമൂലം മക്കരപ്പറമ്പ്, കുറുവ എന്നീ പഞ്ചായത്തുകളിലെ ചുരുക്കം ചില സ്കൂളുകളിൽ യഥാസമയം ചെറുപയർ പൂർണ്ണമായും വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇപ്പോൾ ഡിപ്പോകളിൽ ആവശ്യാനുസരണം സ്റ്റോക്ക് എത്തുകയും ആയത് വിതരണം നടത്തുവാൻ ബാക്കിയുള്ള സ്കൂളുകൾക്ക് മുൻഗണന നൽകിക്കൊണ്ട് വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

(ഡി) സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിപ്രകാരം വിതരണത്തിനുള്ള അരി യാതൊരു തടസ്സവും കൂടാതെ നൽകുന്നതിനുള്ള സ്റ്റോക്ക് സപ്ലൈകോയുടെ എല്ലാ ഡിപ്പോകളിലും ഉണ്ട്. വിതരണത്തിനുള്ള ചെറുപയർ തടസ്സംകൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റേഷൻ സബ്സിഡി

70 (4421) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രസർക്കാർ കേരളത്തിന് എത്ര രൂപ റേഷൻ സബ്സിഡി നൽകി ;

(ബി) അതിൽ അരി, ഗോതമ്പ് എന്നിവയ്ക്ക് യഥാക്രമം എത്ര രൂപ വീതം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 2009 മേയ് മാസം മുതൽ 2010 മേയ് വരെ സംസ്ഥാനത്തെ എ.പി.എൽ. വിഭാഗത്തിന് കേന്ദ്രം എത്ര ടൺ അരി അനുവദിച്ചുവെന്നറിയിക്കുമോ ;

(ഡി) അതിൽ എത്ര ടൺ അരി സംസ്ഥാനം എടുത്തിട്ടുണ്ട് ;

(ഇ) കിന്റലിന് എത്ര രൂപയാണ് കേന്ദ്രം എ.പി.എൽ., ബി.പി.എൽ., എ.എ.വൈ. എന്നീ വിഭാഗങ്ങൾക്ക് സബ്സിഡിയായി നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ വിഭാഗങ്ങൾക്ക് കേന്ദ്രം അരി നൽകുന്നത് കിലോഗ്രാമിന് എത്ര രൂപയ്ക്കാണെന്ന് വിശദമാക്കുമോ ;

(ജി) സംസ്ഥാനത്തിന് അധിക റേഷൻ നൽകാൻ അനുവാദം നൽകിയതായി പ്രധാനമന്ത്രി വെളിപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ ;

(എച്ച്) എങ്കിൽ ഈയിനത്തിൽ സംസ്ഥാനത്തിന് അധികമായി ലഭിക്കുന്ന അരിയും ഗോതമ്പും എത്രയെന്ന് വ്യക്തമാക്കുമോ ;

(ഐ) അതിൽ നാളിതുവരെ എത്ര അളവ് അരിയും ഗോതമ്പും സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കേന്ദ്രം റേഷൻ ഭക്ഷ്യധാന്യമാണ് നൽകുന്നത്. എ.പി.എൽ./ എ.എ.വൈ./ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള അലോട്ട്മെന്റിന് കേന്ദ്ര സർക്കാർ നേരിട്ട് സബ്സിഡി അനുവദിക്കുന്നില്ല. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ടിവരുന്ന അധിക സബ്സിഡി സംസ്ഥാനസർക്കാരാണ് വഹിക്കുന്നത്. അന്നപൂർണ്ണ പദ്ധതി പ്രകാരം അരി വിതരണം ചെയ്യുന്നതിന് മാത്രമാണ് കേന്ദ്രസർക്കാർ പ്രത്യേക തുക അനുവദിച്ചിട്ടുള്ളത്. 2009-10 വർഷത്തിൽ ഈ ഇനത്തിൽ കേന്ദ്ര വിഹിതമായി 280 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി & ഡി) 2009 മേയ് മാസം മുതൽ 2010 മേയ് മാസം വരെ, 2009 ഓണക്കാലത്ത് അധികമായി അനുവദിച്ച 15,000 മെട്രിക് ടൺ അരി ഉൾപ്പെടെ 4,83,728 മെട്രിക് ടൺ അരി എ.പി.എൽ. വിഭാഗത്തിനായി കേന്ദ്രം അനുവദിച്ചിട്ടുണ്ട്. അനുവദിച്ച മുഴുവൻ അരിയും സംസ്ഥാനം വിട്ടെടുത്തിട്ടുണ്ട്.

(ഇ) എ. പി. എൽ./എ. എ. വൈ./ബി. പി. എൽ. വിഭാഗങ്ങൾക്കുള്ള അലോട്ട്മെന്റിന് കേന്ദ്ര സർക്കാർ നേരിട്ട് സബ്സിഡി അനുവദിക്കുന്നില്ല. സബ്സിഡി നിരക്ക് സംസ്ഥാനത്തിനെ അറിയിക്കാറില്ല.

(എഫ്) എ.പി.എൽ. അരി കിലോഗ്രാമിന് 8.30 രൂപയ്ക്ക് വിട്ടെടുത്ത് 8.90 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ബി.പി.എൽ. അരി കിലോഗ്രാമിന് 5.65 രൂപയ്ക്ക് വിട്ടെടുത്ത് 2 രൂപ നിരക്കിലും, എ.എ.വൈ. അരി കിലോഗ്രാമിന് 3 രൂപയ്ക്ക് വിട്ടെടുത്ത് 2 രൂപ നിരക്കിലും വിതരണം ചെയ്യുന്നു ബി.പി.എൽ./ എ.എ.വൈ. വിഭാഗങ്ങൾക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി/ പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്കും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് അമ്പതു ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും സബ്സിഡി നൽകി കിലോഗ്രാമിന് 2 രൂപാ നിരക്കിലാണ് സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്നത്.

(ജി & എച്ച്) 2010 ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിലേക്ക് എല്ലാ വിഭാഗങ്ങൾക്കും വിതരണത്തിനായി ഉയർന്ന നിരക്കിലുള്ള അരിയും ഗോതമ്പും അധികമായി അനുവദിച്ചിട്ടുണ്ട്. 55,818 മെ. ടൺ അരിയും 48,052 മെ. ടൺ ഗോതമ്പും യഥാക്രമം കിലോഗ്രാമിന് 11.85 രൂപ, 8.45 രൂപ നിരക്കിൽ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(ഐ) 12,082 മെ.ടൺ അരിയും (21%) 9,919 മെ. ടൺ ഗോതമ്പും (20%) നാളിതുവരെ വിട്ടെടുത്തിട്ടുണ്ട്. ബാക്കിയുള്ളതിൽ 40% 20-9-2010-നുള്ളിലും അവശേഷിക്കുന്ന സ്റ്റോക്ക് 20-11-2010-നുള്ളിലും വിട്ടെടുക്കുന്നതിനാണ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly